# ആറന്മുള ക്ഷേത്രഗോപുരത്തിന്റെ പുനർനിർമ്മാണകാര്യത്തിൽ ദേവസ്വം ബോർഡ് അലസത വെടിയണം

**കേ**രളത്തിലെ വൈഷ്ണവക്ഷേത്രങ്ങളിൽ പ്രഥമഗണനീയമാണ് ആറന്മുള ശ്രീപാർത്ഥസാരഥിക്ഷേത്രം. കുരുക്ഷേത്രഭൂമിയിൽ ഭീഷ്മർക്ക് ശംഖുചക്രഗദാപത്മധാരിയായി ദർശനം നല്കുന്ന സാക്ഷാൽ പാർത്ഥസാരഥിയുടെ ധ്യാനത്തിലാണ് ഇവിടുത്തെ പ്രതിഷ്ഠ. ലോകശ്രദ്ധയാകർഷിക്കുന്ന ആറന്മുള ഉത്ത്യട്ടാതിജലോത്സവം ഇവിടുത്തെ പ്രതിഷ്ഠാമഹോത്സവമാണ്. പമ്പയുടെ ഇരുകരകളിലുമുള്ള ഗ്രാമങ്ങളിൽ നിലനില്ക്കുന്ന ശ്രേഷ്ഠമായ സംസ്ക്കാരവും സാമൂഹികമായ ഏകോപനവും ഈ ക്ഷേത്രത്തെ കേന്ദ്രീകരിച്ചാണ്. ഭഗവത്ചൈതന്യം കൊണ്ടും, ശില്പചാതുര്യം കൊണ്ടും പാരമ്പര്യംകൊണ്ടും പുകൾപെറ്റ ആറന്മുള ശ്രീപാർത്ഥസാരഥിക്ഷേത്രം ഭക്തജനങ്ങൾക്ക് എന്നും അഭയകേന്ദ്രമാണ്.

ഈ മഹാക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുരം തകർന്നിട്ട് അഞ്ചുവർഷം കഴിഞ്ഞു. ക്ഷേത്രം ഒരു പ്രദേശത്തിന്റെ ആത്മീയസ്രോതസ്സാണ്. മനുഷ്യശരീരത്തിലെ ആത്മാവിന്റെ തുല്യസ്ഥാനമാണ് ക്ഷേത്രത്തിലെ ദേവചൈതന്യത്തിനുള്ളത്. ക്ഷേത്രത്തിൽ കുടികൊള്ളുന്ന ദേവന്റെ ശരീരഭാഗങ്ങളാണ് ക്ഷേത്രസമുച്ചയം. ക്ഷേത്രം ദേവശരീരമായതിനാൽ ക്ഷേത്രപാദുകം മുതൽ ഗോപുരം വരെയുള്ള ശരീരഭാഗങ്ങളെ മാനവശരീരമായി കരുതുന്നു. പുറംമതിൽ തൊട്ട് ഓരോ നിർമ്മിതിക്കും അതിന്റേതായ പ്രാധാന്യം ഉണ്ട്. ഗർഭഗൃഹം ശിരസ്സായും, അന്തരാളം മുഖമായും, മണ്ഡപം ഗളമായും, നാലമ്പലം കൈകളുടെ സ്ഥാനമായും, പുറംമതിൽ മുട്ടുകളും കണംകാലുകളുമായും, ഗോപുരം ദേവപാദമായും കരുതുന്നു. സ്ഥൂലമായ പ്രപഞ്ചത്തിന്റെ സൂക്ഷ്മമാകുന്ന പ്രതീകമാണ് ക്ഷേത്രവിധാനം. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും സൃഷ്ടിക്കുന്നതിന് നിദാനമായ മൂലപ്രകൃതിസ്ഥാനം ശ്രീകോവിലിലാണ് എന്നു സൂചിപ്പിക്കുന്നു.

ക്ഷേത്രപരിപാലനം നാടിന്റെ ഐശ്വര്യത്തിന് പരമപ്രധാനമാണ്. ഇവിടെ ക്ഷേത്രഗോപുരം തകർന്നു എന്നു പറയുമ്പോൾതന്നെ ദേവന്റെ പാദത്തിന് ക്ഷതം സംഭവിച്ചു എന്ന് ശാസ്ത്രനിഷ്ക്കർഷയിൽ നിരീക്ഷിക്കണം. ഇത്തരത്തിൽ ക്ഷതം സംഭവിച്ച ക്ഷേത്രത്തിന്റെ ഗോപുരം പുനർനിർമ്മിച്ച് ക്ഷേത്രത്തിൽ പൂർണ്ണത കൈവരിക്കുന്നതിനു പകരം ലക്ഷങ്ങൾ മുടക്കി വർഷംതോറും ഉത്സവങ്ങൾ കൊണ്ടാടുന്നു. ഉത്ത്യട്ടാതി ജലമേളയും പ്രായേണ ഭംഗിയായി നടത്തപ്പെടുന്നു.

കേരളത്തിലെ പ്രമുഖ മഹാക്ഷേത്രങ്ങളിൽ ഒന്നായ ആറന്മുള ശ്രീ പാർത്ഥസാരഥി ക്ഷേത്രത്തിന്റെ ഗോപുരം അഞ്ചുവർഷമായിട്ടും പുനർനിർമ്മിക്കുവാൻ സാധിക്കാതെ പോയത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചതന്നെയാണ്. നിസാരമായ സാങ്കേതികവിഷയങ്ങളിൽ ഉടക്കിയാണ് നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് എന്നാണ് അറിയുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആത്മാർത്ഥതയില്ലാത്ത സമീപനമാണ് ഇതിലൂടെ വെളിവാകുന്നത്. ഇക്കാര്യത്തിൽ, ഇച്ഛാശക്തിയോടെയുള്ള ഒരു സമീപനം ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും ഇനിയുമെങ്കിലും താമസംവിനാ ഉണ്ടാകേണ്ടതാണ്.

ആറന്മുള ക്ഷേത്രസങ്കേതത്തെ വള്ളസദ്യയുടെയും ജലമേളയുടെയും പശ്ചാത്തലത്തിൽ ഉപഭോഗസംസ്കാരത്തിലേക്ക് തള്ളിവിടുകയും ക്ഷേത്രത്തിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് മൗനം ദീക്ഷിക്കുകയും ചെയ്യുന്ന ഉത്തരവാദിത്വരഹിതമായ സമീപനം ദേവസ്വം ബോർഡ് അവസാനിപ്പിക്കേണ്ടതാണ്.